**പതിനാലാം കേരളനിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2122 05.05.2017 ന് മറുപടിയ്ക്ക്.

**അതിരപ്പിള്ളി പഞ്ചായത്തിൽ വന്യജീവികളുടെ ആക്രമണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) അതിരപ്പിള്ളി പഞ്ചായത്തിലെ നിരവധി ആദിവാസി കോളനികളിലടക്കം വിവിധ പ്രദേശങ്ങളിൽ കാട്ടാനയടക്കമുള്ള വന്യജീവികളുടെ ആക്രമണം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മലക്കപ്പാറയിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ കാളിമുത്തു മകൻ അറുമുഖത്തിന്റെ കുടുംബത്തിന് ധനസഹായം നൽകുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) 09.04.2017-ന് മലക്കപ്പാറയിൽ, കാട്ടാനയുടെ ആക്രമണത്തിൽ കാളിമുത്തു മകൻ അറുമുഖത്തിന്റെ മരണം റിപ്പോർട്ട് ചെയ്തു ഉടൻ തന്നെ വനം വകുപ്പ് ജീവനക്കാർ സ്ഥലത്തെത്തി അടിയന്തിര സഹായങ്ങൾ നൽകിയിട്ടുണ്ട്. പരേതന്റെ അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് അനന്തരാവകാശികൾക്ക് നിയമാനുസരണം അർഹതപ്പെട്ട ധനസഹായമായ 5 ലക്ഷം രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) വന്യ ജീവികളുടെ നിരന്തരമായ ആക്രമണം തടയുന്നതിനായി ഫെൻസിംഗ് നിർമ്മാണമടക്കമുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) അതിരപ്പിള്ളി പഞ്ചായത്തിലേയും സമീപ വനമേഖലകളോട് ചേർന്നുള്ള പ്രദേശങ്ങളിലും കാട്ടാന അടക്കമുള്ള വന്യജീവികളുടെ ആക്രമണം തടയുന്നതിനായി ചാലക്കുടി ഫോറസ്റ്റ് ഡിവിഷനു കീഴിൽ വരുന്ന പ്രദേശങ്ങളിൽ 21.55 കി.മീറ്റർ സോളാർ ഫെൻസിംഗ് നടത്തിയിട്ടുണ്ട്. വാഴച്ചാൽ ഡിവിഷനിൽ വരുന്ന പ്രദേശങ്ങളിൽ 2016-17 സാമ്പത്തിക വർഷം 1.1 കി.മീറ്റർ സോളാർ ഫെൻസിംഗ് ചെയ്തിട്ടുണ്ട്. കൂടാതെ ഈ മേഖലയിൽ നിലവിലുള്ള 4 കി.മീറ്റർ സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ഈ മേഖലകളിൽ ഫെൻസിംഗ് നിർമ്മാണ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്തുന്നതാണ്. |

Latheesh

സെക്ഷൻ ഓഫീസർ